ലക്ഷദ്വീപ് സംയോജിത ദ്വീപ് മാനേജ്മെന്റ് പ്ലാൻ
മിനിക്കോയി ദ്വീപ്

1. <u>പശ്ചാത്തലം</u>

1.1 മാറിവരുന്ന വർദ്ധിച്ച ഗതാഗത വാർത്താവിനിമയ സൗകര്യം മുൻനിർത്തി ദ്വീപിലെ ജനസമൂഹം ജീവിത നിലവാരം ഉയർത്തുന്നതിന് ശ്രമിക്കുന്ന ഈ ഘട്ടത്തിൽ സന്തുലിതമായ ദ്വീപിന്റെ പരിസ്ഥിതി നേരിടുന്ന ഭീഷണിയും സംരക്ഷണത്തിന്റെ പ്രാധാന്യവും കൂടി കണക്കിലെടുത്താണ് ഭൗമശാസ്ത്രകേന്ദ്രം ലക്ഷദ്വീപു ഭരണകൂടത്തിന് വേണ്ടി സംയോജിത ദ്വീപ് മാനേജ്മന്റ് പ്ലാൻ(IIMP) തയ്യാറാക്കിയിട്ടുള്ളത്. 2011ലെ ഇന്ത്യാ ഗവൺമന്റ് പരിസ്ഥിതി വനം വകുപ്പ് വിജ്ഞാപനം ചെയ്ത ദ്വീപ് സംരക്ഷണ മേഖല (Island Protection Zone) സംബന്ധിച്ച മാർഗ്ഗനിർദ്ദേശം അടിസ്ഥാനമാക്കിയാണ് ഈ സംയോജിത ദ്വീപ് മാനേജ്മന്റ് പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

1.2 സംയോജിത ദ്വീപ് മാനേജ്മന്റ് പ്ലാനിൽ നിലവിലുള്ളതും നടപ്പാക്കുവാൻ പരിഗണിക്കുന്നതുമായ വികസന പദ്ധതികളും സംരക്ഷിത, സംരക്ഷണ മേഖലകൾ, ജനവാസ സൗകര്യങ്ങൾ, വിദ്യാലയങ്ങൾ, മാർക്കറ്റ്, ആശുപത്രി, പൊതുസേവനങ്ങൾ മുതലായവ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. മാനേജ്മന്റ് പ്ലാനിൽ എല്ലാതരം വികസന പ്രവർത്തനങ്ങൾക്കും ആവശ്യമായ സ്ഥലസംബന്ധമായ കാര്യങ്ങൾ കണക്കിലെടുത്തിട്ടുണ്ട്.

1.3 ഇതിലേക്കാവശ്യമായ വിവരങ്ങൾ ഏറെയും വിവിധ ദ്വീപുകളിൽ സ്ഥല പരിശോധന നടത്തി ശേഖരിച്ചവയാണ്. 1:4000 സ്കെയിൽ അടിസ്ഥാനമാക്കി ദ്വീപിന്റെ ഭൗതിക സ്ഥിതിവിവരം തയ്യാറാക്കാൻ ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ദ്വീപിലെ ജനവാസ മേഖലയും അടിസ്ഥാന സൗകര്യ വിവരങ്ങളും ശേഖരിക്കാൻ ജി.പി.എസ് ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഈ മേഖലകളുടെ തനതായ എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തിയാണ് ഭൂപടം തയ്യാറാക്കിയിട്ടുള്ളത്. സംരക്ഷിത, സംരക്ഷണ മേഖലയുടെ ഭൂപടം പ്രത്യേകമായി തയ്യാറാക്കിയതാണ്. ദ്വീപ് മൊത്തമായും അതിനോട് ചേർന്നുള്ള ജനവാസമേഖലയും ഈ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2007ൽ തയ്യാറാക്കിയ പവിഴപ്പുറ്റുകളെ സംബന്ധിച്ച ഭൂപടങ്ങൾക്ക് ഉന്നതനിലവാരമുള്ള ഉപഗ്രഹചിത്രങ്ങൾ ആധാരമാക്കുകയുണ്ടായി. ഇത്തരത്തിൽ ലഭ്യമായ വിവരങ്ങൾ ARC-GIS വേദിയിൽ ഉൾപ്പെടുത്തി. 1:4000 അനുപാദത്തിലെ സ്കെയിൽ അടിസ്ഥാനമാക്കിയാണ് ഭൂപടം തയ്യാറാക്കിയിട്ടുള്ളത്. പരിസ്ഥിതി വനം മന്ത്രാലയം 1:10,000 അനുപാദത്തിലുള്ള സ്കെയിൽ അടിസ്ഥാനമാക്കി സംയോജിത ദ്വീപ് മാനേജ്മന്റ് പ്ലാൻ തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും പൊതുവെ ചെറുതായ ദ്വീപിനെ അടിസ്ഥാനപ്പെടുത്തിയുള്ള ഈ പദ്ധതിയുടെ വ്യക്തതയ്ക്ക് വേണ്ടി 1:4000 സ്കെയിലിലാണ് പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഈ ഭൂപടങ്ങൾ ഒരിക്കൽ അംഗീകരിക്കപ്പെട്ടാൽ അവയെ പഞ്ചായത്തിലെ ഓരോ വാർഡുമായി ബന്ധപ്പെടുത്തി 1:2000 സ്കെയിൽ അനുപാദത്തിൽ വലുതാക്കി ആവശ്യാനുസരണം ഉപയോഗിക്കാവുന്നതാണ്.

1.4 സംയോജിത ദ്വീപ് മാനേജ്മന്റ് പ്ലാനിൽ അടിസ്ഥാനപരമായി തീരദേശ പരിസ്ഥിതി മേഖലയിൽ ഉൾപ്പെട്ടതുമായ സംരക്ഷിത, സംരക്ഷണ പ്രദേശങ്ങൾക്ക് ആവശ്യമായ ഊന്നൽ നൽകിയിട്ടുണ്ട്. ഈ പരിസ്ഥിതി മേഖലയുടെ നടത്തിപ്പിനെക്കുറിച്ച് വ്യക്തമായ അറിവുള്ളതും പ്രക്രൃതിയിലുണ്ടാകുന്നതുമായ മാറ്റങ്ങളും പരിഗണനയിലെടുത്തിട്ടുണ്ട്. തീരദേശ ആവാസ വ്യവസ്ഥിതിയെ മാറ്റം വരുത്താൻ പാടില്ലാത്തതും അനുഭവമെടുക്കാവുന്നതും, മാറ്റങ്ങൾക്ക് വിധേയമാകുന്നതുമായ മേഖലകളാക്കി തിരിച്ചിട്ടുണ്ട്. മാറ്റം വരുത്താൻ പാടില്ലാത്ത മേഖലയിൽ അനുവദനീയമായ പ്രവൃത്തികൾ, വിനോദങ്ങൾ, ഗവേഷണം, പഠനങ്ങൾ എന്നിങ്ങനെ ആവാസവ്യവസ്ഥയിൽ യാതൊന്നും എടുത്തു നീക്കാൻ പാടില്ലാത്തതും ആവാസവ്യവസ്ഥയ്ക്ക് ദോഷകരവുമല്ലാത്ത കാര്യങ്ങൾ ഉൾപ്പെടുന്നു. അനുവദനീയമായ കാര്യങ്ങളിൽ മീൻപിടുത്തം, ഭൂഗർഭജലം, തീരമേഖലയിലെ മരത്തിന്റെ തടികൾ ശേഖരിക്കൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതിയിൽ മാറ്റം വരാനിടയുള്ള (പവിഴപ്പുറ്റ് ശേഖരണം, സംസ്കരിക്കാത്ത മാലിന്യങ്ങളുടെ നിർമാർജ്ജനം മുതലായവ) ദോഷകരമായ പ്രവർത്തനങ്ങളാണ്. ചില സാഹചര്യത്തിൽ മേൽ പറഞ്ഞ കാര്യങ്ങളിൽ പരസ്പരം കടന്നു കയറ്റം ഉണ്ടാകാവുന്നതാണ്. ദ്വീപുകളിലെ പ്രധാന തീരദേശ പരിസ്ഥിതി, പവിഴപ്പുറ്റുകൾ, കടൽപ്പുല്ലുതടങ്ങൾ, മണൽത്തിട്ടകൾ, ലഗൂൺ, കടൽത്തീരത്തെ മണൽപ്രദേശം എന്നിവയാണ്.

കടലിലേക്ക് ഇത്തരം മാലിന്യങ്ങൾ നിക്ഷേപിക്കുന്നതും മൊത്തമായി കത്തിച്ചു നശിപ്പിക്കുന്ന സമ്പ്രദായത്തിനും പകരമായി മറ്റുവഴി തേടേണ്ടതുണ്ട്.

1.5 സംയോജിത ദ്വീപ് മാനേജ്മന്റ് പ്ലാനിൽ ദ്വീപിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകിയിട്ടുണ്ട്. സാമൂഹികാവശ്യങ്ങളിൽ പ്രാഥമിക ആരോഗ്യസംരക്ഷണം, ഉറപ്പുവരുത്തുന്നതിനു വേണ്ട കേന്ദ്രങ്ങളും കിടക്കകളും, ഹൈസ്കൂളുകൾ, പ്രാഥമിക വിദ്യാലയങ്ങൾ, നേഴ്സറി വിദ്യാലയങ്ങൾ, മദ്രസ്സകൾ, അഗ്നിനിയന്ത്രണ സംരക്ഷണ സംവിധാനം, അവശ്യ വാർത്താവിനിമയ ഗതാഗതസൗകര്യങ്ങൾ മുതലായവ ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതുവായി ഒരു കോളേജ്, ഐ.ടി.ഐ എന്നിവ ഹോസ്റ്റലോടു കൂടി ഒന്നോ രണ്ടോ വലിയ ദ്വീപിൽ ആകാവുന്നതാണ്. കൃത്രിമ അടിത്തറയോടെ 2-3നില കെട്ടിടങ്ങളുണ്ടാക്കാവുന്നതും അവ അടിയന്തര ഘട്ടങ്ങളിൽ പ്രകൃതി ദുരന്തങ്ങളുണ്ടാവുമ്പോൾ സുരക്ഷാകേന്ദ്രങ്ങളായി ഉപയോഗിക്കാവുന്നതുമാണ്. പാർക്കുകൾ, കളിസ്ഥലങ്ങൾ എന്നിവയ്ക്കായി ജനവാസമേഖലയിൽ സ്ഥലം കരുതിവെയ്ക്കേണ്ടതാണ്. ഇവകളിൽ വിവിധ പ്രായക്കാർക്കാവശ്യമായ പൊതുസൗകര്യങ്ങളുമേർപ്പെടുത്തണം. ഒരു സ്റ്റേഡിയം അഥവാ ആധുനിക കളിസ്ഥലം ഒന്നോ രണ്ടോ വലിയ ദ്വീപിൽ തയ്യാറാക്കണം. ഹൈസ്കൂളുകളെ കേന്ദ്രീകരിച്ച് സ്കൂൾ സമയം കഴിഞ്ഞ് സാംസ്കാരിക പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്നതാണ്.

1.6 മിക്ക ദ്വീപുകളിലും ശുദ്ധജല സ്രോതസ്സ് കുറവാണ്. കവരത്തി, അഗത്തി, മിനിക്കോയ് എന്നീ ദ്വീപുകളിൽ കടൽവെള്ളം ശുദ്ധീകരണത്തിലൂടെ ഈ കുറവ് നികത്തുന്നു. ഈ അടിസ്ഥാനസൗകര്യം എല്ലാ ദ്വീപുകളിലും വേണ്ടതാണ്. മലിനജലം ഇപ്പോൾ പരമ്പരാഗത സെപ്റ്റിക് ടാങ്കുകളിലാണ് നിക്ഷേപിക്കുന്നത്. മണ്ണിന്റെ ഘടനയനുസരിച്ച് പകരമായി ഭസ്മീകരണകുളങ്ങളോ, എസ്.ടി.പി നിലയങ്ങളോ ഉണ്ടാക്കി മലിനജല നിയന്ത്രണത്തിനു പരിഗണിക്കാവുന്നതാണ്. ഖരമാലിന്യങ്ങളുടെ നിയന്ത്രണം ഏറെ പ്രശ്നങ്ങളടങ്ങിയതാണ്. ഇലക്ട്രിസിറ്റി ഇപ്പോൾ ഉൽപാദിപ്പിക്കുന്നത് ഡീസൽ ഉപയോഗിച്ചാണ്. ഇതിന് പകരം സ്രോതസ് വികസിപ്പിക്കണം. സൂര്യപ്രകാശത്തെയും കാറ്റിനേയും അടിസ്ഥാനമാക്കിയുള്ള വൈദ്യുത പദ്ധതികൾക്കായിരിക്കണം മുൻഗണന നൽകേണ്ടത്.

1.7 പുതിയ സ്വകാര്യഭവനങ്ങൾക്കുള്ള ആവശ്യം താരതമ്യേന ചുരുങ്ങുവാൻ സാധ്യതയുണ്ടെന്ന് ദ്വീപിലെ ദശവാർഷിക ജനസംഖ്യാവർദ്ധന ദേശീയ ശരാശരിയിൽ കുറവായി തുടരുന്നതിൽ നിന്നും കണക്കാക്കാവുന്നതാണ്. യഥാർത്ഥത്തിൽ ഏറിയകൂറുംകൂടുതൽ പുതിയ ഭവന നിർമ്മാണ ആവശ്യം ഗവൺമന്റ് ഭാഗത്താണ്. അതും നിർദ്ദിഷ്ട നിലവാരത്തിലുള്ള ഇരുനില കെട്ടിടങ്ങൾക്കാണ്. സ്വകാര്യ ഭവനങ്ങൾ തുടർച്ചയായി പുതുക്കി ഇരുനില കെട്ടിടങ്ങളായി പുതുക്കിപ്പണിയുന്നു. ഇത്തരം ഘട്ടങ്ങളിൽ പുരയിടങ്ങളിലേക്ക് റോഡിൽ നിന്നും വഴി സൗകര്യം വേണമെന്ന് ആവശ്യപ്പെടുന്നു. അവരും കൂടുതൽ മെച്ചപ്പെട്ട സാമൂഹ്യവും സൗകര്യപ്രദവുമായ അടിസ്ഥാന സൗകര്യങ്ങളും ജീവിത നിലവാരം ഉയർത്താൻ വേണ്ട മറ്റു സൗകര്യങ്ങളും ആഗ്രഹിക്കുന്നു. ദ്വീപിലെ ഭൂമി പ്രാഥമികമായി അവരുടെ കൈവശവും, ഉടമസ്ഥതയിലുമാകയാൽ ജനവാസ മേഖലയിൽ ഹോംസ്റ്റേക്ക് സജ്ജമാക്കാൻ പുതിയവ ഉണ്ടാക്കുന്നതിനേക്കാൾ നിലവിലുള്ള വീടുകൾ വികസിപ്പിക്കുകയാവും ഉത്തമം. അത്തരം പ്രവർത്തനങ്ങൾക്കുപോലും അതാത് ഗ്രാമസഭയുടെ ഭൂരിപക്ഷ അംഗീകാരം ലഭിച്ച ശേഷമെ അനുവദിക്കാവൂ.

1.8 സംയോജിത ദ്വീപ് മാനേജ്മന്റ് പ്ലാൻ രൂപം നൽകിയിട്ടുള്ളത് 06.01.2011ന് കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയം വിജ്ഞാപനം ചെയ്ത നിർദ്ദേശങ്ങൾ (അനുബന്ധം-IV)ക്കും 11.05.2012തിയതിയിലെ ബഹുമാനപ്പെട്ട സുപ്രീം കോടതി കല്പ്പനയ്ക്കും അനുസൃതമായിട്ടാണ്. സംയോജിത ദ്വീപ് മാനേജ്മന്റ് പ്ലാൻ തയ്യാറാക്കേണ്ടത്. 1986ലെ പരിസ്ഥിതി സംരക്ഷണ നിയമപ്രകാരമായിരിക്കേണ്ടതും വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട പദ്ധതികൾ ദ്വീപുജനതയുടെ നാനാവിധ താത്പര്യങ്ങൾ, ഉപജീവനമാർഗ്ഗം, മറ്റു അനുബന്ധഘടകങ്ങൾ എന്നിവയുമായി ഉണ്ടാകാവുന്ന സ്വാധീനം കണക്കിലെടുത്തായിരിക്കണമെന്ന സുപ്രീം കോടതിയുടെ കല്പനപ്രകാരമാണ്

(i) ഭൂവിനിയോഗരീതികൾ, ഭൂവിഭവസംരക്ഷണം, സംരക്ഷണവുമായി ബന്ധപ്പെട്ട
വിവിധ പ്രശ്നങ്ങൾ.

(ii) അനുവദനീയമായ ഭൂവിനിയോഗ മാതൃക/വിവിധ ഭൂമേഖലയിൽ നിരോധിക്കപ്പെട്ടിട്ടുള്ളവ.

ദ്വീപുകളിൽ ലഗൂണിന് അകത്തും പുറത്തും വിപുലമായ തോതിൽ പവിഴപ്പുറ്റുകൾ കാണപ്പെടുന്നു. സാധാരണയായി ലഗൂണിനകത്ത് 1-2 മീറ്റർ ആഴമുള്ള സ്ഥലങ്ങളിലാണു പവിഴപ്പുറ്റുകൾ കാണപ്പെടുന്നത്. ഇത് തിരയടിക്കുന്ന തീരങ്ങളിൽ നിന്നും അകലെയാണ്. ലഗൂണിന് പുറത്ത് 30-40 മീറ്റർ വരെ ആഴത്തിൽ പവിഴപ്പുറ്റുകൾ കാണപ്പെടുന്നു. ദ്വീപു ഭരണകൂടം പവിഴപ്പുറ്റുകളെ സംബന്ധിച്ച് നടത്തിയ പര്യവേഷണത്തിൽ 14% മുതൽ 24% വരെ സജീവമായ പിഴപ്പുറ്റുകൾ ഉള്ളതായി കണ്ടിട്ടുണ്ട്. ബ്രൈൻ, കോറൽ, പ്ലേറ്റ് കോറൽ, മുതലായവയുൾപ്പെട്ട മേഖലകളെ സംരക്ഷിത മേഖലയായി പ്രഖ്യാപിക്കേണ്ടതാണ്. എന്നാൽ ബ്രാഞ്ചിംഗ് കോറലുകളുൾപ്പെട്ട മറ്റു സ്ഥലങ്ങൾ സംരക്ഷണ മേഖലയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഈ മേഖലയോട് ചേർ ന്നുള്ള മറ്റു മേഖലയെ ബഫർ മേഖല(കരുതൽ ശേഖര മേഖല) യായും കണക്കാക്കണം. ബാക്കി മേഖലയെ ആളില്ലാത്ത പ്രദേശങ്ങളായി കണക്കാക്കുന്നു. ഇത്തരത്തിൽ പ്രത്യേക പരിഗണന കടൽപ്പുല്ലുൾപ്പെട്ട തടങ്ങൾക്കും നൽകേണ്ടത്.

(iii) കെട്ടിട നിർമ്മാണത്തിനും മറ്റു അനുബന്ധ വികസനപ്രവർത്തനത്തിനുമായി ലളിതമായ നിയമാവലി/ ചട്ടങ്ങൾ/ അഗ്നിസുരക്ഷ/ ആരോഗ്യം/ ശുചീകരണം മുതലായവ

1.9 ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം രൂപീകരിച്ച ഉന്നതാധികാരസമിതി തീരപ്രദേശത്ത് പാലിക്കേണ്ട വേലിയേറ്റ വേലിയിറക്ക മേഖലയിലെ വികസന നിരോധിതമേഖലയെ സംബന്ധിച്ച് (NDZ) സ്വീകരിക്കേണ്ട നിയന്ത്രണങ്ങൾ/നിർദ്ദേശങ്ങൾ വിശദമായി പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. വികസന നിരോധിതമേഖല (NDZ) യായി ഒരു നിശ്ചിത പ്രദേശം സംരക്ഷിക്കേണ്ടതിന്റെ ഉദ്ദേശങ്ങൾ തീരദേശനിയമപ്രകാരം താഴെ പറയുന്നവയാണ്.

(i) ജീവനും സ്വത്തുക്കൾക്കും കടലാക്രമണം, മണ്ണൊലിപ്പ്, കൊടുങ്കാറ്റ്, ഭൂ ഉപരിതലത്തിലെ താപവർദ്ധന കാരണം സമുദ്രനിരപ്പിലുണ്ടാകുന്ന ഉയർച്ച മുതലായവയിൽ നിന്നും സംരക്ഷണം നൽകേണ്ടതിന്.

(ii) പരിസ്ഥിതി സംരക്ഷണം, തീരദേശത്തുള്ള ജൈവസമ്പത്തിനുള്ള നാശഭീഷണി ഏറെ പ്രത്യേകതയുള്ളതും പ്രകൃതിരമണീയവുമായ തീരദേശങ്ങളുടെ സംരക്ഷണത്തിനും

(iii) തീരപ്രദേശത്തേക്ക് തടസ്സങ്ങളില്ലാതെ പൊതുജനങ്ങൾക്ക് ആവശ്യാനുസരണം വരാനും വിനിയോഗിക്കാനുമുള്ള സൗകര്യം

(iv) പരിസ്ഥിതിക്ക് ഇണങ്ങുന്നതും ചെലവുചുരുങ്ങിയതുമായ തീരദേശസംരക്ഷണ പ്രവർത്തനങ്ങൾ

(v) തീരദേശത്തുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ നിയന്ത്രിച്ചുകൊണ്ട് വികസന ലക്ഷ്യങ്ങൾ നേടുന്നതോടൊപ്പം പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുക.

2. മിനിക്കോയി ദ്വീപിനു വേണ്ടിയുള്ള സംയോജിത ദ്വീപു മാനേജ്മെന്റ് പ്ലാൻ

2.1 ജനസംഖ്യയിൽ ലക്ഷദ്വീപിൽ രണ്ടാം സ്ഥാനമാണ് മിനിക്കോയിക്ക്. മിനിക്കോയി സമാനതയില്ലാത്ത ഒരു ദ്വീപാണ്. മാലദ്വീപുകളുടെ സംസ്കാരമായിട്ടാണ് മറ്റു ദ്വീപുകാരുടെതിനെക്കാൾ മിനിക്കോയിക്കാരുടേത് കാണപ്പെടുന്നത്. 4.37 ചതുരശ്ര കി.മീ വിസ്തീർണ്ണമുള്ള ഈ ദ്വീപ് നീളത്തിലാണ് സ്ഥിതി ചെയ്യുന്നത്. ദ്വീപിന്റെ വീതി കൂടിയ ഭാഗത്ത് 1.6 കി.മീറ്ററുണ്ട്. 30.6 ചതു.കീ.മീ വിസ്തീർണ്ണമുള്ള പൊതുവെ വിസ്താരമുള്ള ലഗൂണിൽ പല സ്ഥലത്തും നല്ല ആഴമുണ്ട്. ലഗൂണിന്റെ തെക്ക് പടിഞ്ഞാറ് ഭാഗത്ത് ധാരാളം പവിഴപ്പുറ്റുകളും കാണപ്പെടുന്നു. ദ്വീപിൽ മീൻ പിടിത്തവും മാസ് നിർമ്മാണവും അഭിവൃദ്ധിപ്പെട്ട നിലയിലാണ്. ഇത് കണക്കിലെടുത്താണ് കാനിങ്ങ് ഫാക്ടറി സ്ഥാപിച്ചത്. കലാബോധമുള്ള ഈ ദ്വീപുകാർ അവർക്ക് ഗാർഹികാവശ്യത്തിനുള്ള ഉപകരണങ്ങൾ സ്വയം രൂപ കൽപന ചെയ്തു നിർമ്മിക്കുന്നവരാണ്.

2.2 നിയന്ത്രിത മേഖലയുടെ പരിധി.

2.2.1 തീരദേശത്തെ നിയന്ത്രിതമേഖല യതൊരു വിധ വികസനവും പാടില്ലാത്ത(NDZ) വേലിയിറക്ക - വേലിയേറ്റ മേഖലയോട് ചേർന്നുള്ളതാണ്. ഈ പ്രദേശത്ത് വികസന/ നിർമ്മാണ പ്രവൃത്തികൾ ചുരുക്കിയിട്ടുള്ളതും നിരോധിക്കപ്പെട്ടിട്ടുള്ളതുമാണ്. നിയന്ത്രണമേഖല(Set Back Line)

അടയാളപ്പെടുത്തിയിട്ടുള്ളത് എങ്ങനെയാണെന്ന് അനുബന്ധം-IIIൽ വിശദീകരിച്ചിട്ടുണ്ട്. ദ്വീപിലെ നിയന്ത്രണമേഖല കണക്കാക്കിയിട്ടുള്ളത് അതാത് പ്രദേശത്തിന്റെ പ്രകൃത്യാലുള്ള വ്യത്യസ്ത കാര്യങ്ങൾ കണക്കിലെടുത്തും ലഭ്യമായിട്ടുള്ള ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളും ദ്വീപിൽ ജനവാസമുള്ളതും ഇല്ലാത്തതുമായ മേഖലകൾ മുൻനിർത്തിയുമാണ്.

2.2.2 മിനിക്കോയി ദ്വീപിന്റെ കരുതൽ/ നിയന്ത്രിത മേഖല നിശ്ചയിച്ചിട്ടുള്ളത് ശാസ്ത്രീയമായി ദ്വീപിനെ വിവിധ ഭാഗങ്ങളായി വേർതിരിച്ച് അനുബന്ധം III ൽ വിവരിച്ച പ്രകാരമാണ്. മിനിക്കോയി ദ്വീപിലെ ജനവാസ മേഖല തെക്ക് മദ്ധ്യഭാഗത്തായിട്ടാണ്. ആയതിനാൽ ജനവാസ മേഖലക്കും ജനവാസമില്ലാത്ത മേഖലക്കും വ്യത്യസ്തമായ കരുതൽ/ നിയന്ത്രണ മേഖല നിശ്ചയിക്കാവുന്നതാണ്. ശാസ്ത്ര പഠനങ്ങളെ അടിസ്ഥാനമാക്കി ജനവാസ മേഖലക്ക് കഴിയുന്നത്ര കുറച്ചും ജനവാസം ചുരുങ്ങിയതോ ഇല്ലാത്തതോ ഭാഗത്ത് കൂട്ടിയും സംരക്ഷണ മേഖല നിശ്ചയിച്ചിട്ടുണ്ട്.

2.2.3 മേൽപറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ ജനവാസമില്ലാത്തതും തീരെ കുറഞ്ഞതുമായ ഭാഗത്തും വടക്ക് ഭാഗത്തും കരുതൽ മേഖലയുടെ പരിധി വേലിയേറ്റ രേഖയിൽ നിന്നും 35 മീറ്ററായും ജനങ്ങൾ തിങ്ങിത്താമസിക്കുന്ന ഭാഗത്ത് 25 മീറ്ററായും നിശ്ചയിച്ചിരിക്കുന്നു. കരുതൽ മാനേജ്മെന്റ് പ്ലാനിൽ അടയാളപ്പെടുത്തിയിട്ടുണ്ട്.

3. <u>മിനിക്കോയി സംയോജിത മാനേജ്മേന്റ് പ്ലാനിലെ സവിശേഷതകൾ</u>.

ദ്വീപ് മാനേജ്മേന്റ് പ്ലാനിൽ (ഭൂപടം -1 കാണുക) അനുവദനീയമായ കാര്യങ്ങൾ കണക്കിലെടുത്തും നിരോധിക്കപ്പെട്ടവ പരിഗണിച്ചും ഭൂവിനിയോഗ സമ്പ്രദായങ്ങൾ ജനവാസ മേഖലകൾ, ജനവാസമില്ലാത്ത സ്ഥലങ്ങൾ, ലഗൂൺ എന്നിവ അടിസ്ഥാനമാക്കിയാണ് കാര്യങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. ആ മാനേജ്മെന്റ് പ്ലാൻ (2011-21 കാലത്തേ) പത്തു വർഷത്തേക്കുള്ളതാണ്. ആവശ്യാനുസരണം

മാറ്റങ്ങൾ വരുത്തി 2021നുമപ്പുറത്തേക്ക് ഇതിന്റെ കാലാവധി നീട്ടാവുന്നതാണ്. ഓരോ മേഖലയ്ക്കും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ താഴെ എടുത്ത് പറഞ്ഞിട്ടുണ്ട്.

3.1 നിലവിലുള്ള ഭൂവിനിയോഗം

ലക്ഷദ്വീപു സമൂഹത്തിൽ വലിപ്പംകൊണ്ടു രണ്ടാം സ്ഥാനമാണ് മിനിക്കോയി ദ്വീപിനുള്ളത്. മറ്റു ദ്വീപുകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഭൂമിയിലുള്ള സമ്മർദ്ദം കുറവാണ്. രൂപത്തിൽ മിനിക്കോയിക്ക് ചന്ദ്രക്കലയോട് സാദൃശ്യമുണ്ട്. സമുദ്ര നിരപ്പിൽ നിന്നു 2 മീറ്റർ മുതൽ 3 മീറ്റർ വരെ ഉയർന്നാണ് ദ്വീപ് നിലകൊള്ളുന്നത്. ദ്വീപിന്റെ ഒരു ഭാഗത്ത് നീളത്തിൽ 3.5 മുതൽ 4.5 മീറ്റർ വരെ സമുദ്രനിരപ്പിൽ നിന്ന് ഉയർന്നു നിൽക്കുന്ന സ്ഥലവുമുണ്ട്. 30.6 ചതുരശ്ര കീ.മീറ്റർ വിസ്താരമുള്ള ലഗൂണിൽ പൊതുവെ ആഴം കൂടുതലാണ്. തെക്ക് പടിഞ്ഞാർ ഭാഗത്തായി പവിഴപ്പുറ്റുകളും കാണാം.

ദ്വീപിന്റെ 40% ഭൂവിഭാഗം ജനവാസ മേഖലയായി ഉപയോഗിക്കുന്നു. അവിടങ്ങളിൽ ധാരാളം തെങ്ങുകളുമുണ്ട്. ദ്വീപിന്റെ പടിഞ്ഞാർ ഭാഗത്ത് ഒരു ജെട്ടിയുണ്ട്. അതിനടുത്ത ഭാഗങ്ങളിലായി ധാരാളം ഗവൺമെന്റ് ഓഫീസുകൾ പൊതുസ്ഥലങ്ങൾ ആശുപത്രി, പോസ്റ്റ് ഓഫീസ് തുടങ്ങിയവയുമുണ്ട്. ദ്വീപിലെ നിലവിലുള്ള റോഡ് സംവിധാനം ഏതാണ്ട് ദ്വീപിനെ മൊത്തം ബന്ധപ്പെടുത്തിയ നിലയിലാണ്. ദ്വീപിന്റെ പടിഞ്ഞാർ ഭാഗം മൊത്തമായി ഉപയോഗിച്ചു വരുന്നു. ഇവിടെ പലയിടത്തായി തുറന്ന സ്ഥലങ്ങളും കാണപ്പെടുന്നു. ദ്വീപിൽ പ്രത്യേകമായി ഹരിത മേഖല മാറ്റി വെച്ചിട്ടില്ല. ദ്വീപിലെ മൊത്തം 440 ഹെക്ടറിൽ 311 ഹെക്ടർ സ്ഥലത്തും നിർമ്മാണ ജനവാസ മേഖലയാണ്. 109 ഹെക്ടർ തുറന്ന സ്ഥലമാണ്. റോഡുകൾക്കായി 20 ഹെക്ടർ ഭൂമി ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

3.2 <u>നിലവിലുള്ള ജനവാസ മേഖല</u>

ദ്വീപിലെ പ്രധാന ജനവാസ മേഖല ദ്വീപിന്റെ മദ്ധ്യഭാഗം കേന്ദ്രീകരിച്ചാണ്. അവ സർവ്വെ പ്ലോട്ട് 2A, 2B, 2D, 2C, 2E, 3A, 3B, 3C, 3D എന്നിങ്ങനെയാണ്. 2011ലെ സെൻസസ് ജനസംഖ്യാ കണക്കെടുപ്പിൽ ദ്വീപിലെ 10444 ജനസംഖ്യ ആണ്. കഴിഞ്ഞ ദശവർഷത്തിൽ മിനിക്കോയിയിൽ 24.96% ജനസംഖ്യ

വർദ്ദനവ് രേഖപ്പെടുത്തിയിട്ടുണ്ട്. ദ്വീപിലെ 40% ഭൂമിയും ഭവനാവശ്യത്തിന് വിനിയോഗിച്ചിട്ടുണ്ട്. മിനിക്കോയിയിൽ മൊത്തം 1583 വീടുകളുണ്ട്.

3.3 <u>നിലവിലുള്ളതും നിർദ്ദേശിക്കപ്പെട്ടതുമായ സംരക്ഷണ മേഖലകൾ</u>

ദ്വീപിലെ പരിസ്ഥിതിയുടെ അവിഭാജ്യ ഘടകങ്ങളായ പവിഴപ്പുറ്റുകൾ, കടലിലെ പുൽത്തട്ടുകൾ, മണൽപിട്ടികൾ. ലഗൂണിലെ ജലമേഖല, മതസാംസ്കാരിക സ്ഥാപനങ്ങൾ, ചരിത്രസ്മാരകങ്ങൾ, പ്രധാന പൊതു സ്ഥാപനങ്ങൾ പ്രകൃതി സമ്പത്ത് എന്നിവ സംരക്ഷിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ടാണ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. പവിഴപ്പുറ്റുകൾ ദ്വീപിലെ പരിസ്ഥിതിയുടെ പ്രധാന ഘടകമാണ്. പവിഴപ്പുറ്റുകൾക്കുണ്ടായ വിളരലിന് (ബ്ലീച്ചിങ്ങ്) ഇവിടത്തേതും വിധേയമായിട്ടുണ്ട്. 12% സജീവ പവിഴപ്പുറ്റുകൾ കാണപ്പെടുന്നത് റീഫ് ചെരിവിലാണ്. ദ്വീപിന്റെ കിഴക്കു ഭാഗത്തെ റീഫിൽ ജീവനില്ലാത്ത പവിഴപ്പുറ്റുകളും സാമാന്യം വലുപ്പമേറിയ കല്ലുകളുമാണ്.. ലഗൂണിനകത്ത് പല സ്ഥലത്തായി സജീവപവിഴപ്പുറ്റുകൾകാണാനുണ്ട്. . പുതുതായി പവിഴപ്പുറ്റ് റീഫ് ചെരിവിൽ വളർന്നു തുടങ്ങിയിട്ടുണ്ട്. മിനിക്കോയി ലഗൂൺ ജനവാസമുള്ള ദ്വീപിലെ ലഗൂണുകളിൽ വലിപ്പംകൊണ്ട് നാലാം സ്ഥാനത്താണ്. ലഗൂൺ മത്സ്യബന്ധനത്തിനും വിനോദ സഞ്ചാരത്തിനും വലിയ മുതൽ കൂട്ടാണ്. ദ്വീപിലെ പള്ളികളും മദ്രസ്സകളും സംരക്ഷിക്കപ്പെടേണ്ടതാണ്. മറ്റ് സംരക്ഷിത സ്ഥാപനങ്ങൾ ലൈറ്റ് ഹൗസ്, ജെട്ടികൾ, സ്കൂൾ, ടൂറിസം മേഖലകൾ, മീൻ ഇറക്കുന്ന സ്ഥലങ്ങൾ എന്നിവയാണ്.

3.4 <u>നിലവിലുള്ളതും നിർദ്ദേശിക്കപ്പെട്ടതുമായ വികസന പദ്ധതികൾ</u>

അടുത്ത 10കൊല്ലത്തേക്കുള്ള വികസന പദ്ധതികൾ ഭരണ കൂടവുമായി ആലോചിച്ച് മാനേജ്മെന്റ് പ്ലാനിൽ ചേർത്തിട്ടുള്ളവയാണ്. നിലവിൽ ദ്വീപിൽ 426ഗവൺമെന്റ് വക സ്ഥാപനങ്ങളുണ്ട്. അതിൽ നാവിക താവളം, ഭരണകൂടം ഓഫീസുകൾ, എ.ഇ.ഓഫീസ്, തുറമുഖ വകുപ്പ്, ഇൻഡോർ സ്റ്റേഡിയം, പൊതുമരാമത്ത് സ്റ്റോർ, അഗ്നിശമന വിഭാഗം, പോലീസ് സ്റ്റേഷൻ, ഗവൺമെന്റ് പ്രസ്സ്, ഐ.ആർ.ബി, എൻ.ഐ.സി, കാലാവസ്ഥ നിരീക്ഷണ കേന്ദ്രം, ഡെപ്യൂട്ടി കളക്ടറുടെ ഓഫീസ് എന്നിവയുൾപ്പെടും. പുതുതായി 39 പദ്ധതികൾ നിർദ്ദേശിച്ചിട്ടുണ്ട്. അതിൽ ബയോ മാസ് പ്ലാന്റ്, ജൂബിലി ഹാൾ, പാസഞ്ചർ ഹാൾ,

ലൈറ്റ് ഹൗസ്, ഗാർഹിക വാതക ഗോഡൗൺ, കാനിങ്ങ് ഫാക്ടറി, അറവുശാല, സ്ലിപ്പ് വേ, മ്യൂസിയം, സ്കാനിങ്ങ് സെന്റർ, പവർ ഹൗസ് എന്നിവയുൾപ്പെടും. ഇവയെല്ലാം മാനേജ്മെന്റ് പ്ലാനിൽ കാണിച്ചിട്ടുണ്ട്. നിർദ്ദേശിച്ചിട്ടുള്ള പദ്ധതികളെല്ലാം കരുതൽ നിരോധിത മേഖലക്ക് വരുന്നതും ആയതിനാൽ അനുവദനീയവുമാണ്.

3.5 <u>നിലവിലുള്ളതും നിർദ്ദേശിച്ചിട്ടുള്ളതുമായ അടിസ്ഥാന സൗകര്യങ്ങൾ</u>

പ്രധാനമായി ഉൾപ്പെടുത്തിയ അടിസ്ഥാന സൗകര്യങ്ങളിൽ പുതിയ ജെട്ടി നിർമ്മാണം, നിലവിലെ ജെട്ടിയുടെ നീളം കൂട്ടൽ. ചരക്ക് ജെട്ടി സ്ലിപ്പ വേ, മീൻപിടിത്തക്കാർക്കായി ചെറുകിട തുറമുഖം, കോസ്റ്റ് ഗാർഡ് വിമാനത്താവളം, ലോ ലാൻഡിങ്ങ് പ്ലാറ്റ് ഫോറം, ഇൻഡോർ സ്റ്റേഡിയം, ഹോമിയോപ്പതി ആശുപത്രി നിർമ്മാണം, സിവിൽ സ്റ്റേഷൻ നിർമ്മാണം, സ്റ്റേററ് ഗസ്ററ് ഹൗസ്, ടൂണാ കാനിങ്ങ് ഫാക്ടറി, ജൂബിലി ഹാൾ നിർമ്മാണം, വാട്ടർ ടാങ്ക്, ഡീസാലിനേഷൻ പ്ലാന്റ് എന്നിവയാണ്. വൻകരയ്ക്കും ദ്വീപിനുമിടയിൽ ഏറ്റവും കൂടുതൽ യാത്രക്കാരുള്ളത് മിനിക്കോയിയിൽ നിന്നുമാണ്. ദ്വീപിലെ മൊത്തം യാത്രക്കാരുടെ നീക്കത്തിൽ മിനിക്കോയിക്ക് 3-ാം സ്ഥാനമാണ്. ദ്വീപിൽ ഒരു വിമാനത്താവളമുണ്ടാക്കാൻ നിർദ്ദേശമുണ്ട്. ഇപ്പോൾ ദ്വീപിൽ ഒരു ഹെലിപ്പാഡ് മാത്രമാണുള്ളത്. ദ്വീപിനും വൻകരക്കുമിടയുലെ ചരക്ക് നീക്കത്തിലും മിനിക്കോയി മൂന്നാം സ്ഥാനത്താണ്.

3.6 <u>നിലവിലുള്ളതും നിർദ്ദേശിക്കപ്പെട്ടതുമായ വിനോദ സഞ്ചാര സൗകര്യങ്ങൾ</u>

മിനിക്കോയിയിൽ ഗതാഗത സൗകര്യമുള്ളതിനാൽ വിനോദ സഞ്ചാര വികസനത്തിന് ഏറെ സാധ്യതകളുണ്ട്. ജട്ടിക്കടുത്തായുള്ള കടൽ തീരം മണ്ണൊലിപ്പില്ലാതെ സ്ഥിരപ്പെട്ട നിലയിലാണ്. തെക്ക് ഹെലിപ്പാഡിനടുത്തായും കുറെ ടൂറിസ്റ്റ് ഹട്ടുകൾ ഉണ്ട്. ടൂറിസ്റ്റ് ഹട്ടിനടുത്തുള്ള വീതി കൂടിയ കടൽ തീരം വിനോദ സഞ്ചാരികളുടെ പ്രധാന ആകർഷണ കേന്ദ്രമാണ്. കടൽ തീര ടൂറിസം മണ്ണൊലിപ്പില്ലാത്ത അനുബന്ധംII ന് വിധേയമായി പ്രദേശത്ത് അനുവദനീയമാണ്.

- എല്ലാ ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതികളും അതാത് സ്ഥലത്തെ പ്രകൃതി വിഭവങ്ങളുടെ ഉപയോഗവും പരിസ്ഥിതിക്ക് താങ്ങാൻ കഴിയാവുന്നത്രയുമാണ് തിട്ടപ്പെടുത്തിയ ശേഷം പരിഗണിക്കേണ്ടതാണ്.

- യതൊരു പ്രവർത്തനവും പവിഴപ്പുറ്റുകളുടെ നശീകരണത്തിന് ഇടയാക്കുന്നതാകരുത്.

- പവിഴപ്പുറ്റുകളുടെ സമുദ്ര ഭാഗത്ത് യാതൊരു കടുത്ത നിർമ്മാണ പ്രവർത്തനവും നടത്താവുന്നതല്ല.

- ടൂറസവുമായി ബന്ധപ്പെട്ട പദ്ധതികളിൽ നിന്നും കടലിലേക്ക് / ബില്ലത്തിലേക്ക് യാതൊരു വിതത്തിലും സംസ്ക്കരിക്കാത്ത ജല മാലിന്യങ്ങളെ ഖര മാല്യന്യങ്ങളോ ഒഴുക്കരുത്.

3.7 തീര സംരക്ഷണം

കടൽ തീരത്തെ മണ്ണൊലിപ്പ് ഈ ദ്വീപ് നേരിടുന്ന ഒരു ഗൗരവമായ പ്രശ്നമാണ്. മറ്റു ദ്വീപുകളുമായി താരതമ്യം ചെയ്യുമ്പോൾ മിനിക്കോയിക്ക് മതിയായ സംരക്ഷണ സംവിധാനമില്ല. ദ്വീപിന്റെ ലഗൂൺ ഭാഗത്തും ജെട്ടിക്കടുത്തും പലയിടത്തായി ടെറ്റ് റാപോഡു കൊണ്ടുള്ള സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഇവ ഒരു പരിധി വരെ സംരക്ഷണം നൽകുന്നുണ്ടെങ്കിലും തീരപ്രദേശത്തിന്റെ ഭംഗിയെയും പ്രവേശനത്തെയും സാരമായി ബാധിച്ചിട്ടുണ്ട്. കടലിനടിയിൽ കൃത്രിമ റീഫ് സ്ഥാപിച്ച് തീര സംരക്ഷണം നടത്താവുന്ന ഒരു ബദൽ രീതിയിലാണ്. അങ്ങനെ ചെയ്താൽ തീരപ്രദേശത്തിന്റെ സൗന്ദര്യം സംരക്ഷിക്കാവുന്നതാണ്. മണ്ണൊലിപ്പുള്ള തീരത്ത് മരങ്ങൾ നട്ടു വളർത്തിയും സംരക്ഷണം നടത്താം.

3.8 നിലവിലുള്ളതും നിർദ്ദേശിക്കപ്പെട്ടതുമായ മലിനജല സംസ്ക്കരണം.

2011ലെ സെൻസസ് അനുസരിച്ച് മിനിക്കോയി ദ്വീപിൽ 10,444ണ് ജനസംഖ്യ. ഇത് ലക്ഷദ്വീപിലെ മൊത്തം ജനസംഖ്യയുടെ 15.65ശതമാനമാണ്. ജനസംഖ്യയിലെ തുടർച്ചയായിട്ടുള്ള വർദ്ദനവ്, വീടുകളുടെ എണ്ണത്തിലെ വർദ്ധനവ്, തുടർന്നു വരുന്ന വികസന പ്രവർത്തനങ്ങൾ മുതലായവ പ്രകൃത്യാ സംസ്ക്കരിക്കാൻ കഴിയുന്നതിൽ കൂടുതൽ മലിനജലത്തിന് ഇടയാക്കുന്നു. മലിന

ജല സംസ്ക്കരണം തീരെ കുറവോ ഇല്ലാത്തതോ അവസ്ഥയാണിപ്പോൾ. ആയതിനാൽ ഖരമാലിന്യങ്ങളും മലിനജലവും സംസ്ക്കരിക്കുന്നതിലെ വിടവ് നികത്താൻ വിശദമായ പഠനങ്ങൾ നടത്തേണ്ടതും ഉചിതമായ സംസ്ക്കരണ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

3.9 <u>നിലവിലുള്ളതും നിർദ്ദേശിക്കപ്പെട്ടതുമായ കുടിവെള്ള സംവിധാനം.</u>

മിനിക്കോയി ദ്വീപിലെ ഭൂഗർഭജല ശേഖരണശേഷി 1.83ദശലക്ഷം ക്യൂബിക്ക് മീറ്ററാണ്. എന്നാൽ ദ്വീപിന്റെ ഡൈനാമിക് സ്റ്റോറേജ് ശേഷി കേവലം 0.56 ദശലക്ഷം ക്യൂബിക്ക് മീറ്ററാണ്. ജലത്തിലെ കുറവ് മെച്ചപ്പെട്ട ജലശേഖരണ വിതരണ സംവിധാനത്തിലൂടെ നികത്താൻ സാധിക്കും. ഇതിനായി ഉചിതമായ വിനിയോഗതി ക്രമപ്പെടുത്തണം. മിനിക്കോയിലെ കുടിവെള്ള കുറവ് ഏറെ ഗൗരവമായി കണക്കിലെടുക്കേണ്ടതും ഭൂഗർഭജലവിനിയോഗം നിയന്ത്രിക്കേണ്ടതുമാണ്. മഴവെള്ള ശേഖരണ സംവിധാനം ദ്വീപിൽ ഇതിനകം നടപ്പാക്കിയിട്ടുണ്ട്. ദ്വീപിലെ കുടിവെള്ള ലഭ്യതയിലെ കുറവ് നികത്താനായി ഒരു ജലശുദ്ധീകരണ പ്ലാന്റ് ദ്വീപിന്റെ കിഴക്ക് ഭാഗത്ത് സ്ഥാപിച്ചിട്ടുണ്ട്.

3.10 <u>പരമ്പരാഗതമല്ലാത്ത ഊർജസംവിധാനം</u>

ഇപ്പോൾ പ്രധാനമായും ഡീസൽ ജനറേറ്ററുകൾ ഉപയോഗിച്ചാണ് ഊർജ്ജം ഉത്പാദിപ്പിക്കുന്നത്. ഇവിടത്തെ സ്ഥാപിത ശേഷി 5,270 KW യിൽ നിന്നും 8,120KWഎന്ന നിലയിലേക്ക് ഉയർത്തി ദിവസം മുഴുവൻ തുടർച്ചയായി ഊർജ്ജ വിതരണം നടത്തുന്നുണ്ട്. ഡീസൽ അടിസ്ഥാനമാക്കിയുള്ള ജനറേറ്ററുകൾ ഏറെ മലിനീകരണമുണ്ടാക്കുന്നവയാണ്. കരയിൽ നിന്നും ബാരലുകളിലാക്കിയാണ് ഡീസൽ കൊണ്ടു വരുന്നത്. അങ്ങനെ കൊണ്ടു വരുമ്പോൾ ഡീസൽ ചോർച്ചയുണ്ടായി ഭൂമിയിലും വെള്ളത്തിലും മലിനീകരമുണ്ടാകുവാൻ സാധ്യതയുണ്ട്. ഡീസൽ സെറ്റുകൾ പ്രവർത്തിക്കുമ്പോൾ ശബ്ദമലിനീകരണത്തിനും അന്തരീക്ഷ മലിനീകരണത്തിനും കൂടി ഇടയാക്കുന്നു. ജനവാസ മേഖലയിൽ വൈദ്യുതി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിനാൽ പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമായി അനുഭവപ്പെടുന്നു. ഫിഷറീസ് ടൂറിസം മേഖലകളുടെ പുതിയ വികസന പ്രവർത്തനങ്ങൾക്ക് വൈദ്യുതി കൂടുതലായി

ആവശ്യമാണ്. കൂടുതലായി വേണ്ടി വരുന്ന ഊർജ്ജത്തിന് പരമ്പരാഗതമല്ലാത്ത ഊർജ്ജസ്രോതസുകളെ വികസിപ്പിച്ചു ലഭ്യമാക്കാൻ ഭരണകൂടം ആലോചിക്കുന്നു.

4 <u>വിവിധ ഭൂവിനിയോഗ മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്കുള്ള അനുവാദം</u>

ഇപ്പോൾ നിലവിലുള്ള മിനിക്കോയി ദ്വീപിലെ ഭൂവിനിയോഗ സമ്പ്രദായമനുസരിച്ച് ദ്വീപിനെ മൂന്ന് ഭൂവിനിയോഗ മേഖലകളാക്കി തിരിക്കാം. ലഗൂൺ മേഖല, ജനവാസ മേഖല, ജനവാസമില്ലാത്ത മേഖല എന്നിങ്ങനെ. ലഗൂൺ മേഖല പരിസ്ഥിതി ലോല (ESZ-1)പ്രദേശമാണ്. ഇത് അടിസ്ഥാനപരമായി ഒരു നിരോധിത മേഖലയാണ്. ഈ മേഖലയിലെ പ്രത്യേകത കണക്കിലെടുത്ത് വികസന പ്രവർത്തനങ്ങൾ കർശനമായി നിയന്ത്രിക്കേണ്ടതും അഡ്മിനിസ്ട്രേറ്ററുടെ മാത്രം അനുവാദത്തോടെ നടത്തേണ്ടതുമാണ്. ജനവാസ മേഖലയിൽ പ്രധാനമായും തെക്ക് ഭാഗത്തെയും മധ്യഭാഗത്തെയും സ്ഥലങ്ങളാണ് ഉൾപ്പെടുക. ഇതും ഒരു പരിസ്ഥിതി ലോല (ESZ-II) മേഖലയാണ്. ഇത് നിയന്ത്രണ വിധേയമായി സംരക്ഷിക്കപ്പെടുന്ന ഒരു മേഖലയാണ്. ഇതിന് തീരങ്ങളിൽ കരുതൽ സംരക്ഷിത മേഖല നിശ്ചയിച്ചിട്ടുണ്ട്. ഈ ഭൂവിഭാഗം നിർമ്മാണ നിരോധിത മേഖലയാണ്. ഇക്കാര്യം മാനേജ്മെന്റ് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭൂരിപക്ഷം ദ്വീപുകാരും ഈ ഭാഗത്തായിട്ടാണ് താമസിക്കുന്നത്. ആയതിനാൽ ഈ പ്രദേശത്തിന് താങ്ങാവുന്നതും ഭാവിയിലെ ആവശ്യങ്ങളും മറ്റും കണക്കിലെടുത്താണ് ഗ്രാമസഭ പഞ്ചായത്ത് എന്നിവ ഈ മേഖലയിലെ കാര്യങ്ങൾ നിയന്ത്രിക്കണം. ദ്വീപിന്റെ തെക്ക് ഭാഗത്തിന് ഇനിയും ടൂറിസവുമായി ബന്ധപ്പെട്ട് ഏറെ സാധ്യതകളുണ്ട്. മൂന്നാമത്തേത് കുറഞ്ഞ തോതിൽ മാത്രം താമസമുള്ള മേഖലയാണ്. ഇത് പ്രധാനമായും ദ്വീപിന്റെ വടക്ക് ഭാഗത്താണ്. ഈ പ്രദേശത്തെ ഭൂവിനിയോഗ രീതി സങ്കരമാണ്. ഇതും നിയന്ത്രിത വികസന സാധ്യതയുള്ള സ്ഥലമാണ്. ഈ പ്രദേശത്തേക്കും നിർമ്മാണ നിരോധിത മേഖല മാനേജ്മെന്റ് പ്ലാനിൽ നിശ്ചയിച്ച് ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രദേശത്തെ ജനസാന്ദ്രത ജനവാസ നേഖലയിൽ നിന്നും വളരെ കുറവാണ്. അതിനാൽ വികസന പ്രവർത്തനത്തിന് പരിഗണിക്കാവുന്നതാണ്. വിവിധ ഭൂവിനിയോഗ മേഖലകൾ കണക്കിലെടുത്ത് ലളിതമായ ഒരു വികസം നിർമ്മാണ നിയന്ത്രണ റെഗുലേഷനും കെട്ടിട നിർമ്മാണനിയമവും തയ്യാറാക്കി അനുബന്ധം VI ആയി ചേർത്തിട്ടുണ്ട്. ലക്ഷദ്വീപ് തീരമേഖല മാനേജ്മെന്റ് അതോറിറ്റി (LCZMA) ലക്ഷദ്വീപ് പരിസ്ഥിതി എന്നിവരുടെ ക്ലിയറൻസ് അനുമതിയും ജില്ലാ പഞ്ചായത്ത് ദ്വീപു പഞ്ചായത്ത് എന്നിവരുടെ അംഗീകാരവും ആവശ്യാനുസരണം

അനുബന്ധം II ൽ പറഞ്ഞ പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് തേടിയിരിക്കേണ്ടതാണ്.